<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 42</u> <u>30-01-2024 - ൽ മറുപടിയ്ക്ക്</u>

## <u>കിഫ്ബി പദ്ധതികൾക്കാവശ്യമായ വിഭവ സമാഹരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം നേരിടുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി കിഫ്ബിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | (എ) | കേന്ദ്ര സർക്കാർ നടത്തി വരുന്ന ഫെഡറൽ ഘടന വിരുദ്ധ നിലപാടുകൾ കാരണം നിലവിൽ സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുണ്ട്. ഇത് പൂർണ്ണമായും കേന്ദ്രം കൃത്രിമമായി സൃഷ്ടിച്ച ഒരു സാമ്പത്തിക ദ്രവസ്ഥയാണ്. സംസ്ഥാനങ്ങളുടെ വാർഷിക കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ കേന്ദ്രം തങ്ങൾക്ക് തോന്നുന്നവിധത്തിലുള്ള രീതികൾ അടിച്ചേൽപ്പിക്കുകയും, ആ പരിധിയിലേക്ക് പബ്ലിക്ക് അക്കൗണ്ട്, സംസ്ഥാനത്തിന്റെ നേരിട്ടുള്ളതല്ലാത്ത ബാധ്യതകൾ എന്നിവയെ ഉൾപ്പെടുത്തുക വഴി സംസ്ഥാനത്തിന് അർഹമായ വിഭവ സമാഹരണത്തിനു നിയന്ത്രണം ഏർപ്പെടുത്തുകയും നിയമസഭ പാസാക്കിയ ബജറ്റിനെ അട്ടിമറിക്കുകയുമാണ് ചെയ്യുന്നത്.<br><br>സംസ്ഥാനം നേരിടുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി കിഫ്ബിയുടെ പ്രവർത്തനത്തെ നേരിട്ട് ബാധിച്ചിട്ടില്ല. എന്നാൽ കിഫ്ബിയുടെ കടമെടുപ്പ് സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടു വന്നത് സർക്കാരിന്റെ ധനസമാഹരണ പ്രവർത്തനങ്ങളെ കാര്യമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും പണം അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | കിഫ്ബി നിലവിൽ അംഗീകരിച്ച പദ്ധതികൾക്ക് പണം അനുവദിക്കുന്നതിന് നിയന്ത്രണങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല.<br><br>ഇതിനോടകം 82,426 കോടിയിൽപരം രൂപയുടെ 1073 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്നും നിയമപ്രകാരം ലഭിക്കുന്ന ആന്വിറ്റി വിഹിതത്തിനും, (വാഹന |

| | | | |
|---|---|---|---|
| | | | നികുതിയുടെ വിഹിതവും പെട്രോളിയം സെസ്സും) അധിക ധനസഹായത്തിനും പുറമെ ധനവിപണിയിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തിയാണ് കിഫ്ബി പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഉചിതമായ രീതിയിൽ വിവേകപൂർവ്വമായി ധനസമാഹരണം നടത്തുന്നതിന് കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് (ALM) സംവിധനമാണ്. ഈ സംവിധാനത്തിന്റെ കണക്കുകൂട്ടൽ അനുസരിച്ച് കിഫ്ബി നിലവിൽ ലഭിച്ചു വരുന്ന ആന്വിറ്റികൊണ്ട് തിരിച്ചടക്കാവുന്ന തുകയ്ക്കുള്ള പദ്ധതികൾക്കാണ് നിലവിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന് അത്യന്തം പ്രാധാന്യമുള്ള പദ്ധതികൾ മാത്രം ഇനി കിഫ്ബിയിലേക്ക് നിർദ്ദേശിച്ചാൽ മതിയാകുമെന്നും കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റീ & അഡ്വൈസറി കമ്മീഷൻ (FTAC) സർക്കാരിനു മുന്നേതന്നെ നിർദ്ദേശമായി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ പ്രാധാന്യവും മറ്റ് ഘടകങ്ങളും വിലയിരുത്തി സസൂക്ഷ്മം തെരഞ്ഞെടുക്കുന്ന പദ്ധതികൾ മാത്രമേ പുതിയതായി കിഫ്ബിയിലേക്ക് നിർദ്ദേശിക്കപ്പെടുന്നുള്ളൂ. |
| (സി) | കിഫ്ബി പദ്ധതികൾക്ക് നിലവിൽ എപ്രകാരമാണ് പണം സ്വരൂപിക്കുന്നത്; പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള വിഭവ സമാഹരണം എന്തെല്ലാം മാർഗ്ഗത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | നിലവിൽ വിവിധ ബാങ്കുകൾ, ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എന്നിവയിൽ നിന്നും ലോണുകൾ മുഖേനയും, ആഭ്യന്തര – അന്താരാഷ്ട്ര വിപണിയിൽ നിന്നും ബോണ്ടുകൾ മുഖേനയുമാണ് മുഖ്യമായി കിഫ്ബി ധനസമാഹരണം നടത്തി വരുന്നത്. കൂടാതെ കെ.എസ്.എഫ്.ഇ യുമായി ചേർന്നുള്ള പ്രവാസി ചിട്ടി, കെ.എൻ.ആർ.കെ.ഡബ്ല്യൂ.ബിയുടെ ഡിവിഡന്റ് സ്കീം എന്നിവയിലൂടെയും കിഫ്ബി ധനസമാഹരണം നടത്തുന്നുണ്ട്. ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾക്കായി ഇതേ രീതിയിൽ ധനസമാഹരണം തുടരുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ